**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1023** **29-08-2022 - ൽ മറുപടിയ്ക്ക്**

**തെന്നല കാപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ തെന്നല കാപ്പ് ജലസേചന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ തെന്നല, മരക്കപ്പാടം, കാപ്പ് നവീകരണം പദ്ധതിക്ക് രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവർത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത കാപ്പ് സർവെ ചെയ്ത് അതിർത്തി നിർണയിച്ചതിനു ശേഷം മാത്രമേ പ്രവർത്തി ടെണ്ടർ ചെയ്യാവൂ എന്ന് തെന്നല പഞ്ചായത്ത് മെമ്പറായ ശ്രീ മുഹമ്മദ് കുട്ടി, മുഖ്യമന്ത്രി, ജലസേചന വകുപ്പ് മന്ത്രി എന്നിവർക്ക് രേഖാമൂലം പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ റദ്ദ് ചെയ്യുകയായിരുന്നു.<br><br>DSR-2018, PRICE-3 എന്നിവ നിലവിൽ വന്നിട്ടുള്ളതിനാൽ ആയതു പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി തുകയേക്കാൾ അധികരിക്കുന്നതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ടെണ്ടർ റദ്ദ് ചെയ്യുന്നതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ തെന്നല, മരക്കപ്പാടം, കാപ്പ് നവീകരണം പദ്ധതിക്ക് രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവർത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത കാപ്പ് സർവെ ചെയ്ത് അതിർത്തി നിർണയിച്ചതിനു ശേഷം മാത്രമേ പ്രവർത്തി ടെണ്ടർ ചെയ്യാവൂ എന്ന് തെന്നല പഞ്ചായത്ത് മെമ്പറായ ശ്രീ മുഹമ്മദ് കുട്ടി, മുഖ്യമന്ത്രി, ജലസേചന വകുപ്പ് മന്ത്രി എന്നിവർക്ക് രേഖാമൂലം പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ റദ്ദ് ചെയ്യുകയായിരുന്നു. |

| | | | |
|---|---|---|---|
| | | | DSR-2018, PRICE-3 എന്നിവ നിലവിൽ വന്നിട്ടുള്ളതിനാൽ ആയതു പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി തുകയേക്കാൾ അധികരിക്കുന്നതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്ത് റീടെണ്ടർ ചെയ്യുന്നതിന് എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ തീരുമാനിച്ചിരുന്നോ; പ്രസ്തുത തീരുമാനം നടപ്പിലാക്കിയോ; ടി യോഗ തീരുമാനപ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (സി) | റീ ടെണ്ടർ നടത്തുവാൻ കാപ്പിന്റെ അതിര് നിർണ്ണയിക്കേണ്ടത് വളരെ അത്യാവശ്യ മാണെന്നും ആയത് നിർണ്ണയിക്കുവാൻ റവന്യൂവകുപ്പിന്റെ സർവ്വെ വിഭാഗത്തിനോട് ആവശ്യപ്പെടാമെന്നും 19.05.2022-ന് PWD പരപ്പനങ്ങാടി റസ്റ്റ് ഹൗസിൽ വച്ച് നടന്ന യോഗത്തിൽ എം.എൽ.എ.യും മറ്റു ജനപ്രതിനിധികളും അറിയിക്കുകയുണ്ടായി. അതിൻ പ്രകാരം മരക്കപ്പാടം കാപ്പ് സർവ്വെ ചെയ്ത് ലഭിക്കുന്നതിനായി തിരൂരങ്ങാടി താലൂക്ക് സർവ്വെ വിഭാഗത്തിൽ നിന്നും പല തവണ തിയ്യതി നൽകിയിട്ടും അവരുടെ തന്നെ അസൗകര്യത്താൽ നടക്കാതെ പോവുകയാണ് ചെയ്തത്. ആയത് ഇപ്പോഴും നടന്നിട്ടില്ല. DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിക്കുന്നതിനാൽ പുതുക്കിയ ഭരണാനുമതി നല്കുന്നതിനായി എസ്റ്റിമേറ്റ് PRICE-3 യിൽ തയ്യാറാക്കി വരികയാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ സ്വീകരിക്കുന്നതിന് എം.എൽ.എ. യുടെ ആവശ്യപ്രകാരം ബഹു. ജലവിഭവ വകുപ്പ് മന്ത്രി കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | റീ ടെണ്ടർ നടത്തുവാൻ കാപ്പിന്റെ അതിര് നിർണ്ണയിക്കേണ്ടത് വളരെ അത്യാവശ്യ മാണെന്നും ആയത് നിർണ്ണയിക്കുവാൻ റവന്യൂവകുപ്പിന്റെ സർവ്വെ വിഭാഗത്തിനോട് ആവശ്യപ്പെടാമെന്നും 19.05.2022-ന് PWD പരപ്പനങ്ങാടി റസ്റ്റ് ഹൗസിൽ വച്ച് നടന്ന യോഗത്തിൽ എം.എൽ.എ.യും മറ്റു ജനപ്രതിനിധികളും അറിയിക്കുകയുണ്ടായി. അതിൻ പ്രകാരം മരക്കപ്പാടം കാപ്പ് സർവ്വെ ചെയ്ത് ലഭിക്കുന്നതിനായി തിരൂരങ്ങാടി താലൂക്ക് സർവ്വെ വിഭാഗത്തിൽ നിന്നും പല തവണ തിയ്യതി നൽകിയിട്ടും അവരുടെ തന്നെ അസൗകര്യത്താൽ നടക്കാതെ പോവുകയാണ് ചെയ്തത്. ആയത് ഇപ്പോഴും നടന്നിട്ടില്ല. DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിക്കുന്നതിനാൽ പുതുക്കിയ ഭരണാനുമതി നല്കുന്നതിനായി എസ്റ്റിമേറ്റ് PRICE-3 യിൽ തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ